# India - Myanmar Foreign Office Consultations

October 01, 2020

# ഇന്ത്യ -മ്യാൻമാർ വിദേശ ഓഫിസ് പര്യാലോചനകൾ

ഒക്ടോബർ 01, 2020

ഇന്ത്യയും മ്യാൻമറും തമ്മിലുള്ള 19 മത് ഘട്ട വിദേശകാര്യ പര്യാലോചനകൾ 2020 ഒക്ടോബർ 1 ന് വിർച്വൽ മോഡിൽ നടന്നു. ഇന്ത്യൻ വിഭാഗത്തെ വിദേശകാര്യ സെക്രട്ടറി ,ശ്രി ഹർഷ് വർധന ശൃംഗളയും മ്യാൻമർ വിഭാഗത്തെ സ്ഥിര സെക്രട്ടറി, യു സൊ ഹാനും നയിച്ചു.

പര്യാലോചനകൾക്കിടയിൽ , അതിർത്തി സഹകരണം, അതിർത്തിയിലെ ഘടനയുടെ പരിഷ്കരണം, ഭൂകമ്പം മൂലം താറുമാറുമായ ബഗാനിലെ പഗോഡകളുടെ നവീകരണം ഉൾപ്പടെയുള്ള കോൺസുലാർ വിഷയങ്ങൾ, സാംസ്കാരിക സഹകരണം, പവർ ഊർജ സഹകരണം , വ്യവസായ നിക്ഷേപ ബന്ധങ്ങൾ, മയാമാരിൽ നടന്നു കൊണ്ടിരിക്കുന്ന ഇന്ത്യൻ സഹകരണമുള്ള വികസന പദ്ധതികളുടെ സ്ഥിതികൾ എന്നിവയെല്ലാം ഉൾപ്പെടുത്തി ഉഭയകക്ഷി ബന്ധത്തിന്റെ എല്ലാ മേഖലകളും ഇരു ഭാഗങ്ങളും അവലോകനം ചെയ്തു. പ്രാദേശിക-അന്തരാഷ്ട്ര ഫോറമുകളിലെ സഹകരണവും ചർച്ച ചെയ്യപ്പെട്ടു. കോവിഡ്-19 പകർച്ചവ്യാധിയെ വകവയ്ക്കാതെ പവർ, ഊർജം എന്നിയുൾപ്പടെയുള്ള വിവിധ മേഖലകളെ സംബന്ധിച്ച് വിർച്വൽ മോഡിൽ നടന്ന സമ്മേളനങ്ങളിൽ ഇരു വിഭാഗങ്ങളും സംതൃപ്തി അറിയിച്ചു കൂടാതെ ഇത് ഉഭയകക്ഷി ബന്ധത്തിന്റെ ആഴമാണ് പ്രതിഫലിപ്പിക്കുന്നത് എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അടുത്ത സംയുക്ത വ്യവസായ കമ്മിറ്റി മന്ത്രി തല സമ്മേളനം ഒക്ടോബർ 20 ന് നടത്തുന്നതാണെന്നു തീരുമാനിച്ചു. ഇത് ഉഭയകക്ഷി വ്യാപാരത്തെയും നിക്ഷേപ ബന്ധങ്ങളെയും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉപകരിക്കുന്നതാണ്.

കോവിഡ്-19 മൂലം നേരിടേണ്ടി വന്ന വെല്ലുവിളികളെക്കുറിച്ചും കൂടാതെ വാക്സിൻ നിർമാണം, മരുന്നുകളുടെയും ഉപകരണങ്ങളുടെയും സാങ്കേതികവിദ്യയുടെയും വിതരണം കൂടാതെ വിഭവ ശേഷി വർധിപ്പിക്കുന്നത് എന്നിവ ഉൾപ്പടെ ഇത്തരം പ്രതിസന്ധികൾ നേരിടുന്നതിനുള്ള വഴികളെക്കുറിച്ചും ഇരു വിഭാഗങ്ങളും വിപുലമായ ചർച്ചകൾ നടത്തി

ഇന്ത്യയുടെ 'അയൽ രാജ്യങ്ങൾക്ക് മുൻഗണന', 'ആക്ട് ഈസ്റ്റ് ' എന്നീ നയങ്ങൾക്കനുസരിച്ച് മ്യാന്മാറുമായ്ള്ള പങ്കാളിത്തത്തിനു ഇന്ത്യ നൽകുന്ന പ്രാധാന്യത്തെക്കുറിച്ച് വിദേശകാര്യ സെക്രട്ടറി ആവർത്തിച്ചു അറിയിച്ചു. മ്യാൻമാരുമായി നിലവിൽ പല മേഖലകളിലുമുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമായിരിക്കുമെന്നു അദ്ദേഹം പ്രസ്താവിച്ചു.

ഇരു രാജ്യങ്ങൾക്കും ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതിയിൽ ഇന്ത്യയുമായി കാലാതീതമായുള്ള മ്യാൻമറിൽ പങ്കാളിത്തം കൂടുതൽ മെച്ചപ്പെടുത്തുമെന്നു സ്ഥിര സെക്രട്ടറി ഉറപ്പു നൽകി. കോവിഡ് സംബന്ധിച്ചതും വികസനപ്രവർത്തനങ്ങളോടനുബന്ധിച്ചും ഇന്ത്യ നൽകിയ പിന്തുണയ്ക്ക് അദ്ദേഹം നന്ദി അറിയിച്ചു. 2020 മെയ് 1 മുതൽ 2020 ഡിസംബർ 31 വരെ G -20 ഡബ്റ്റ് സർവീസ് സസ്

പെൻഷൻ സംരംഭത്തിന് കീഴിൽ വായ്പകൾക്ക് ആനുകൂല്യവും നൽകുന്നതിനും അദ്ദേഹം ഇന്ത്യയ്ക്ക് നന്ദി അറിയിച്ചു.

അടുത്ത ഘട്ട വിദേശകാര്യ പര്യാലോചനകൾ ഇരു വിഭാഗങ്ങൾക്കും സമ്മതമാകുന്ന തീയതിയിൽ നടത്തുന്നതിന് ഇരു നേതാക്കളും തീരുമാനിച്ചു.

**ന്യൂ ഡൽഹി**
**1 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.